بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# Khutba Khulasa 22-10-2021 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

### നബി(സ)തിരുമേനിയുടെ റാഷിദ് ഖലീഫ മഹാനായ ഫാറൂഖ് ഹദ്റത്ത് ഉമറുബ്നു ഖത്വാബ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ വിവരണം.

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَ أَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ. أَمَّا بَعْدُ

فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ. بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ.

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ اَلرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ إِيَّاكَ نَعْبُدُ وَ إِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദ്, തഅവ്വുദ്, സൂറ ഫാത്തിഹ എന്നിവ ഓതിയ ശേഷം ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്) പറഞ്ഞു,

കഴിഞ്ഞ ഖുത്ബയിൽ ഞാൻ ഹദ്റത്ത് ഉമർ(റ)ന്റെ ശഹാദത്തുമായി ബന്ധപ്പെട്ട് വിവരിക്കുമ്പോൾ ഹദ്റത്ത് ഉബൈദുല്ലാഹിബ്നു ഉമറി(റ)ന്റെയും ഹദ്റത്ത് ഉസ്മാൻ(റ) ന്റെയും ഇടയിലുള്ള തർക്കത്തെക്കുറിച്ചു പറഞ്ഞിരുന്നു. ഇതു സംബന്ധമായി കൂടുതൽ അന്വേഷിക്കുമ്പോൾ അറിയാൻ സാധിക്കുന്നത്, ആ സമയത്ത് ഹദ്റത്ത് ഉസ്മാൻ(റ) ഖിലാഫത്ത് പദവിയിൽ അവരോധിതനനായിരുന്നില്ല എന്നാണ്. ആദ്യം ഹദ്റത്ത് ഉബൈദുല്ലാഹിബ്നു ഉമർ(റ) ഉദ്ദേശിച്ചിരുന്നത് മദീനയിലെ മുഴുവൻ തടവുകാരെയും അടിമകളെയും വധിച്ചു കളയണമെന്നായിരുന്നു. എന്നാൽ മുഹാജിറുകളായ സ്വഹാബാക്കളുടെ ശ്രമം പരാജയപ്പെട്ട ശേഷം അംറിബ്നു ആസ് ബോധ്യപ്പെടുത്തിയപ്പോൾ അദ്ദേഹം ആ ഉദ്ദേശ്യത്തിൽ നിന്നും പിന്മാറി. ഹദ്റത്ത് ഉസ്മാൻ(റ) ഖലീഫയായപ്പോൾ ഉബൈദുല്ലാഹിബ്നു ഉമറിനെ മുന്നിൽ കൊണ്ടുവരപ്പെട്ടു. ഹദ്റത്ത് അലി(റ) ഉബൈദുല്ലാഹ് വധിക്കപ്പെടണമെന്ന് അഭിപ്രായപ്പെട്ടു. എന്നാൽ മറ്റു സ്വഹാബാക്കൾ ആ അഭിപ്രായത്തെ എതിർത്തു. അവർ പറഞ്ഞു; ഇന്നലെ ഉമർ വധിക്കപ്പെടുകയും ഇന്ന് അദ്ദേഹത്തിന്റെ മകൻ വധിക്കപ്പെടുകയും ചെയ്യുക എന്നത് അതികഠിനമാണ്. നമുക്കത് താങ്ങാനാകില്ല. ആ സാഹചര്യത്തിൽ ഹദ്റത്ത് ഉസ്മാൻ(റ) സ്വന്തം സ്വത്തിൽനിന്നും വധിക്കപ്പെട്ടവരുടെ നഷ്ടപരിഹാരം നൽകാമെന്ന് അഭിപ്രായപ്പെടുകയുണ്ടായി.

താരീഖ് ത്വിബ്‌രിയിൽ വിവരിച്ച പ്രകാരം ഹദ്റത്ത് ഉസ്മാൻ(റ) പ്രതിക്രിയാ നടപടിക്കായി ഉബൈദുല്ലായെ ഹുർമസാന്റെ മകന്റെ മുമ്പിൽ സമർപ്പിച്ചു എന്നാണ്. ഉബൈദുല്ലായെ വധിക്കുന്നതിനായി കൊണ്ടുപോകുമ്പോൾ അദ്ദേഹത്തെ വിടണമെന്ന് ജനങ്ങൾ വീണ്ടും വീണ്ടും ആവശ്യപ്പെട്ടുകൊണ്ടിരുന്നു. വധിക്കപ്പെട്ട അമുസ്‌ലിമിനെതിരെ മുസ്‌ലിം ഘാതകന് ശിക്ഷ നല്കാമോ എന്ന വിഷയം കൈകാര്യം ചെയ്യവെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ സംഭവത്തിനു വിശദീകരണം നൽകിയിട്ടുണ്ട്. ഈ നിവേദനത്തിൽനിന്നും വ്യക്തമാകുന്നത് സ്വഹാബാക്കളുടെ നടപടിക്രമത്തിൽ നിന്നും അമുസ്‌ലിമിന്റെ ഘാതകനായ മുസ്‌ലിമിന് അവർ വധശിക്ഷ നൽകിയതായും കാണാമെന്നാണ്.

ഹദ്റത്ത് ഉമർ(റ)ന്റെ ലാളിത്യവും എളിമയും എത്രമാത്രമായിരുന്നുവെന്നാൽ അദ്ദേഹത്തിന്റെ വഫാത്തിന്റെ സമയത്ത് അദ്ദേഹം തന്റെ മകനോടു പറഞ്ഞു; എന്നെ കഫൻ ചെയ്യുമ്പോൾ മിതത്വം പാലിക്കുക. അല്ലഹുവിന്റെയടുക്കൽ എനിക്ക് നന്മയാണെങ്കിൽ ഇതിനു പകരമായി അവൻ എനിക്ക് ഇതിലും മികച്ച വസ്ത്രം നൽകും. മറിച്ചാണെങ്കിൽ അത് എന്നിൽ നിന്നും തട്ടിപ്പറിക്കുകയും ചെയ്യുന്നതാണ്. അക്കാര്യത്തിൽ യാതൊരു സാവകാശവുമുണ്ടാകുകയില്ല. എന്റെ ഖബറിന്റെ കാര്യത്തിലും മിതത്വം കൈക്കൊള്ളുക. അല്ലാഹുവിന്റെയടുക്കൽ എനിക്ക് നന്മയാണെങ്കിൽ അവൻ എന്റെ ഖബറിനെ എന്റെ കണ്ണെത്തുന്നത്രദൂരം വരേയ്ക്കും വിശാലമാക്കുന്നതാണ്. മറിച്ചാണെങ്കിൽ അവനതിനെ വളരെ കുടുസ്സാക്കുന്നതാണ്. എന്റെ വാരിയെല്ലുകൾ ഒടിഞ്ഞുപോകുമാറ് അതിനെ ഇടുങ്ങിയതാക്കുന്നതാണ്. എന്റെ ജനാസയുടെ കൂടെ സ്ത്രീകളെ കൊണ്ടുപോകരുത്. എന്നിലില്ലാത്ത ഗുണങ്ങൾ ചമച്ചുണ്ടാക്കി പ്രശംസിക്കരുത് എന്തെന്നാൽ അല്ലാഹു എന്നെ ഏറ്റവുമധികം അറിയുന്നവനാണ്. എന്നെ കൊണ്ടുപോകുമ്പോൾ നിങ്ങൾ വേഗത്തിൽ കൊണ്ടുപോകണം. അല്ലാഹുവിന്റെ പക്കൽ എനിക്ക് നന്മയാണെങ്കിൽ നിങ്ങളെന്നെ ഏറ്റവും ഉത്തമമായ കാര്യത്തിനായി അയക്കുകയാണ്. മറിച്ചാണെങ്കിൽ നിങ്ങൾ ചുമന്നിരിക്കുന്ന ശല്യത്തെ ഇറക്കിവയ്ക്കുകയായിരിക്കും ചെയ്യുക. അതുകൂടാതെ, കസ്തൂരി മുതലായവ ഉപയോഗിച്ചുകൊണ്ട് തന്നെ കുളിപ്പിക്കരുതെന്നും ഹദ്റത്ത് ഉമർ(റ) വസിയ്യത്ത് ചെയ്തതായി പരാമർശമുണ്ട്.

ഹദ്റത്ത് ഉമർ(റ) വിവരിക്കുന്നു; തന്റെ ആയുസ്സ് മുഴുവനും ഇസ്‌ലാമിനെക്കുറിച്ചുള്ള ആശങ്കയിലും ചിന്തയിലും കഴിച്ചുകൂട്ടിയ വ്യക്തിയാണ് ഹദ്റത്ത് ഉമർ(റ). എല്ലായിപ്പോഴും അദ്ദേഹം ഉന്നതമായ ത്യാഗങ്ങൾ സമർപ്പിച്ചു. അദ്ദേഹത്തിന്റെ ത്യാഗങ്ങൾ കർമരൂപത്തിൽ ഹദ്റത്ത് അബൂബക്കർ(റ)ന്റെ അത്രയും എത്തുമായിരുന്നില്ലെങ്കിലും ഇരുവരും നിയ്യത്തിന്റെ അടിസ്ഥാനത്തിൽ തുല്യരായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ) വഫാത്തായപ്പോൾ ഹദ്റത്ത് ഉമർ(റ) കണ്ണീർ വാർത്തു കൊണ്ട് പറഞ്ഞു; അല്ലാഹു അബൂബക്കറിൽ(റ) അനുഗ്രഹം ചൊരിയട്ടെ ഞാൻ പലതവണ അദ്ദേഹത്തെ മറികടക്കാൻ ശ്രമിച്ചിട്ടുണ്ട് എന്നാൽ ഒരിക്കൽപോലും ഞാൻ വിജയിച്ചില്ല. ഒരിക്കൽ നബി(സ)തിരുമേനി ധനം ആവശ്യപ്പെട്ടപ്പോൾ ഞാനെന്റെ പകുതി സമ്പാദ്യം കൊണ്ടുപോയി. ഇന്ന് എന്തായാലും ഞാൻ അബൂബക്കർ(റ)നെ മുൻകടക്കും എന്ന് കരുതി. എന്നാൽ അബൂബക്കർ(റ) എനിക്കു മുമ്പേ അവിടെ

എത്തിയിട്ടുണ്ടായിരുന്നു. നബി(സ) തിരുമേനിക്ക് അദ്ദേഹവുമായി സൗഹൃദവും ബന്ധുത്വവുമുണ്ടായിരുന്നതിനാൽ അദ്ദേഹം ഒന്നും തന്നെ തനിക്കായി ബാക്കി വച്ചിട്ടുണ്ടാവില്ലെന്ന് തിരുനബിക്ക് അറിയാമായിരുന്നു. ''അബൂബക്കർ വീട്ടിൽ വല്ലതും ഉപേക്ഷിച്ചിട്ടുണ്ടോ''? എന്ന് ആരാഞ്ഞു. അദ്ദേഹം പറഞ്ഞു; വീട്ടിൽ അല്ലാഹുവിനെയും അവന്റെ റസൂലിന്റെയും നാമം മാത്രം ഉപേക്ഷിച്ചാണ് വന്നിരിക്കുന്നത്. ഇതുപറഞ്ഞുകൊണ്ട് ഉമർ വിതുമ്പുകയാണ്. എന്നിട്ട് പറഞ്ഞു, അപ്പോഴും എനിക്ക് അദ്ദേഹത്തെ മുൻകടക്കാൻ കഴിഞ്ഞില്ല. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുകയാണ് അവരുടെ ത്യാഗങ്ങളുടെ നിലവാരം അപ്രകാരമായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ) അതിനു മുമ്പും ധനത്യാഗങ്ങൾ ചെയ്തിരുന്നു. ആ ഒരു പ്രത്യേക സാഹചര്യം വന്നപ്പോൾ സർവതും സമർപ്പിക്കുകയുണ്ടായി. ഒരുവശത്ത് അത്തരം ആളുകളായിരുന്നു. മറുവശത്ത് ഒരു കൂട്ടർക്ക് തങ്ങളുടെ സ്വത്തിന്റെ പത്തിലൊന്ന് സമർപ്പിക്കാനുള്ള തൗഫീഖ് കൂടി ലഭിക്കുന്നില്ല. ഞങ്ങൾ മുടിഞ്ഞുപോകുമെന്ന് അവർ പറയുന്നു.

ഹദ്റത്ത് ഉമർ(റ) മരണാസന്നനായപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ ഈറനണിഞ്ഞു. ആസമയത്ത് അദ്ദേഹം ഇങ്ങനെ പറയുന്നുണ്ടായിരുന്നു; ''അല്ലാഹുവേ ഞാൻ നിന്റെ ഒരു പ്രതിഫലത്തിനും അർഹനല്ല. നിന്റെ ശിക്ഷയിൽനിന്നും രക്ഷപ്പെടണമെന്നുള്ള ആഗ്രഹമേ എനിക്കുള്ളൂ.''

ഹദ്റത്ത് ഉമറി(റ)ന്റെ ജനാസ നമസ്കരിപ്പിച്ചത് ഹദ്റത്ത് സുഹൈബ്(റ) ആയിരുന്നു. അദ്ദേഹത്തെ ഖബറടക്കുന്നവരിൽ ഹദ്റത്ത് ഉസ്മാൻ, സഈദുബ്നു സൈദ്, ഹദ്റത്ത് അലി, അബ്ദുറഹ്മാനുബ്നു ഔഫ്, സഅദുബ്നു അബീവഖാസ്, ഹദ്റത്ത് ത്വൽഹ(റ) എന്നിവരും മറ്റു മുതിർന്ന സ്വഹാബാക്കളും പങ്കെടുത്തു. വിവിധ നിവേദനങ്ങനുസരിച്ച് വഫാത്തിന്റെ സമയത്ത് അദ്ദേഹത്തിന്റെ പ്രായം അമ്പത്തിമൂന്നു മുതൽ അറുപത്തിമൂന്ന് വരെ വിവരിക്കപ്പെട്ടിട്ടുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു; സ്വാലിഹീങ്ങളുടെ അരികിൽ ഖബറടക്കപ്പെടുക എന്നതും ഒരനുഗ്രഹമാണ്. അല്ലാഹുവുമായി ഹൃദയാത്മനാ ബന്ധമുള്ളവരെ അവൻ പാഴാക്കുകയില്ല. അബൂബക്കർ(റ), ഉമർ(റ) എന്നിവരുടെ വിശ്വസ്തതയുടെയും ആത്മാർഥതയുടെയും നിലവാരം എത്ര മഹത്തരമായിരുന്നു. മൂസായും ഈസാ(അ)യും ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ അവരും ഇവർ ഇരുവരും മറയടക്കപ്പെട്ട സ്ഥലത്ത് അവിടെ തന്നെ മറയടക്കപ്പെടാൻ ആഗ്രഹിക്കുമായിരുന്നു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു; ഹദ്റത്ത് ഉമറി(റ)ന് വാഫാത്തിന്റെ സമയത്ത് നബി(സ)തിരുമേനിയുടെ ചാരത്തു തന്നെ ഖബറിടം ലഭിക്കണമെന്ന വ്യാകുലത ഉണ്ടായിരുന്നു. ലോകത്ത് മറ്റാരും കാഴ്ചവക്കാത്ത ഭരണമായിരുന്നു ഉമറിന്റേതെന്ന് ക്രിസ്തീയ ചരിത്രകാരന്മാർ കൂടി അഭിപ്രായപ്പെട്ടിരുന്നു. റസൂൽ തിമേനി(സ)യെ ചീത്ത പറയുന്ന ക്രിസ്തീയ ചരിത്രകാരന്മാരും ഹദ്റത്ത് ഉമറിനെ പ്രശംസിക്കുന്നവരാണ്. ഇത്തരം ഒരു വ്യക്തി മരണസമയത്തും നബി(സ)തിരുമേനിയുടെ ചരണത്തിൽ ഇടം ലഭിക്കണമെന്ന് ആഗ്രഹിക്കുകയാണ്.

ഹദ്റത്ത് ഉമറി(റ)ന് വഫാത്താകുമ്പോൾ 63 വയസ്സായിരുന്നു പ്രായം എന്നാണ് സ്വഹീഹ് മുസ്ലിമിലും തിർമിദിയിലും വിവരിച്ചിരിക്കുന്നത്. ഹദ്റത്ത് അനസുബ്നു മാലിക് നിവേദനം ചെയ്യുന്നു; വഫാത്തിന്റെ സമയത്ത് നബി(സ)തിരുമേനിയുടെ പ്രായം 63 വയസ്സായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ) വഫാത്താകുമ്പോൾ അദ്ദേഹത്തിന്റെ പ്രായവും 63 വയസ്സായിരുന്നു ഹദ്റത്ത് ഉമർ(റ) വഫാത്താകുമ്പോൾ അദ്ദേഹത്തിന്റെ പ്രായവും 63 വയസ്സായിരുന്നു.

ഹദ്റത്ത് ഉമർ(റ)ന്റെ പവിത്ര മൃതദേഹത്തിന്റെ തല ഭാഗത്തുനിന്നുകൊണ്ട് ഹദ്റത്ത് അലി(റ) ഇപ്രകാരം പറഞ്ഞു; അദ്ദേഹത്തിനുശേഷം അദ്ദേഹത്തേക്കാളുമധികം അനുകരണീയ യോഗ്യമായ പ്രവൃത്തി ചെയ്യുന്ന കാര്യത്തിൽ എനിക്കു പ്രയപ്പെട്ടവ ആരുംതന്നെ അവശേഷിക്കുന്നില്ല. അല്ലാഹുവാണ, ആ പുതപ്പിൽ പുതഞ്ഞ മനുഷ്യനേക്കാളും കൂടുതൽ എനിക്ക് ഇഷ്ടപ്പെട്ട ആരും തന്നെ ഇന്ന് ഭൂമിയിലില്ല. ഞാൻ നബി(സ) തിരുമേനി നിരവധി തവണ ഇത്തരം വാചകങ്ങൾ ഉപയോഗിച്ചതായി കേട്ടിട്ടുണ്ട് ; ഞാനും അബൂബക്കറും ഉമറും പ്രവേശിച്ചു, ഞാനും അബൂബക്കറും ഉമറും പുറത്തുവന്നു.

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) ഹദ്റത്ത് ഉമർ(റ) വഫാത്തായപ്പോൾ പറഞ്ഞു; ഇസ്ലാമിന്റെ സുശക്തമായ കോട്ടയായിരുന്നു. അദ്ദേഹത്തിന്റെ ജ്ഞാനം തുലാസിന്റെ ഒരുതട്ടിലും മറ്റുള്ളവരുടെ ജ്ഞാനം മറ്റൊരു തട്ടിലും വയ്ക്കുകയാണെങ്കിൽ ഹദ്റത്ത് ഉമർ(റ)ന്റെ തട്ടായിരിക്കും ഭാരമുള്ളത്. ഹദ്റത്ത് ഹുദൈഫ (റ) പറഞ്ഞു; ഹദ്റത്ത് ഉമർ(റ)ന്റെ കാലത്തെ ഇസ്ലാമിന്റെ സ്ഥിതി നിരന്തരം പുരോഗതിയുടെ പാതയിലൂടെ സഞ്ചരിച്ചിരുന്ന വ്യക്തിയുടെതുപോലെയാകുന്നു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു സലാം പറഞ്ഞു; ഹദ്റത്ത് ഉമർ(റ) സത്യത്തിന്റെ കാര്യത്തിൽ മഹാദാനധർമ്മിയും കളവിന്റെ കാര്യത്തിൽ ലുബ്ധനുമായിരുന്നു. അദ്ദേഹം വഫാത്തായപ്പോൾ സഈദുബ്നു സൈദ് വിലപിച്ചുകൊണ്ടു പറഞ്ഞു; ഉമറി(റ)ന്റെ മരണത്തോടെ ഇസ്ലാമിന്റെ കോട്ടയിൽ വിള്ളലുണ്ടായിരിക്കുന്നു. ഖിയാമത്തുവരെ അതു നികത്താനാകില്ല.

ഹദ്റത്ത് ഉമർ(റ) വിവിധ സന്ദർഭങ്ങളിലായി പത്തു വിവാഹങ്ങൾ ചെയ്തിട്ടുണ്ട് അവയിൽ ഒൻപത് ആൺമക്കളും നാലു പെൺമക്കളുമുണ്ടായി.

പ്രമുഖ പൗരസ്ത്യവാദിയായ എഡ്വേഡ് ഗിബൻ എഴുതുന്നു; ഹദ്റത്ത് ഉമർ(റ)ന്റെ സാത്വികതയിലും എളിമയിലും അബൂബക്കറി(റ)നെക്കാളും ഒട്ടും കുറവായിരുന്നില്ല. അദ്ദേഹത്തിന്റെ ഭക്ഷണം യവത്തിന്റെ റൊട്ടിയും കാരക്കയും വെള്ളവുമായിരുന്നു.

മൈക്കൽ എച്ച് ഹാർട്ട് തന്റെ The Hundred Influential Personalities എന്ന പുസ്തകത്തിൽ അമ്പത്തിരണ്ടമാത് ഹദ്റത്ത് ഉമറി(റ)നെ കുറിച്ചാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതിൽ ഇപ്രകാരം എഴുതിയിരിക്കുന്നു; മുസ്ലിംകളിൽ ഏറ്റവും മഹാനായ ഖലീഫയായിരുന്നു ഉമർ. ഉമർ ക്രി. 634 ൽ ഖലീഫയായി ക്രി. 644 വരെ ഖിലാഫത്ത് നേതൃത്വത്തിൽ തുടർന്നു. അറബികൾക്കു

ലഭിച്ച സുപ്രധാന വിജയങ്ങളും ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തിൽ ആയിരുന്നു. ഹദ്റത്ത് ഉമറി(റ)ന്റെ വിജയങ്ങളുടെ വ്യാപ്തിയെ പോലെ തന്നെ അവയെ അദ്ദേഹം നിലനിറുത്തിയ കാര്യവും വളരെ പ്രസക്തമാണ്. ഉമറിന്റെ വിജയങ്ങൾ നല്ല പ്രഭാവമുണ്ടാക്കിയുരുന്നെന്ന കാര്യത്തിൽ സംശയമില്ല. മുഹമ്മദ്(സ)നു ശേഷം ഇസ്‌ലാമിന്റെ പ്രചാരണത്തിൽ അദ്ദേഹത്തിന് സുപ്രധാന പങ്കുണ്ട്. ചാർലിമാന്റെയും ജൂലിയസ് സീസറിന്റെയും വിജയങ്ങളുമായി താരതമ്യം ചെയ്താൽ ഉമർ(റ)ന്റെ കാലത്തുണ്ടായ അറബികളുടെ വിജയങ്ങൾ വ്യാപ്തിയും ശീഘ്രതയും ഏറിയതാണ്.

പ്രൊഫസർ ഫിലിപ്പ് കെ എടി എഴുതുന്നു; ലളിതനും മിതവ്യയ ശീലനും നബി(സ)തിരുമേനിയുടെ സജീവനും പ്രഗത്ഭനുമായ പിൻഗാമിയായ ഉമർ നല്ല ഉയരമുള്ളവനും ദൃഢഗാത്രനുമായിരുന്നു. അദ്ദേഹം ഒരു ഗ്രാമീണനെ പോലെ ലളിതജീവിതം നയിച്ചിരുന്ന വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ ഉന്നതമായ പ്രവർത്തനരീതികൾ ആർജവമുള്ള എല്ലാ പിൻഗാമികൾക്കും അനുകരണീയ മാതൃകയായി മാറി.

ഹുസൂർ തിരുമനസ്സ് അയ്യദഹുല്ലാഹു ഹദ്റത്ത് ഉമർ(റ)ന്റെ പരാമർശം ഇനിയും തുടരുന്നതാണെന്ന് അറിയിച്ചുകൊണ്ട് താഴെ പറയുന്ന പരേതരെ അനുസ്മരിക്കുകയും അവരുടെ ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണെന്ന് വിളംബരപ്പെടുത്തുകയും ചെയ്തു.

1. ഡോക്ടർ മിർസാ മുബശ്ശിർ അഹ്മദ് സാഹിബിന്റെ ഭാര്യയായ സാഹിബ് സാദി ആസിഫ മസ്ഊദാ ബീഗം സാഹിബ. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പേരമകളും ഹദ്റത്ത് നവാബാ മുബാറക്കാ ബീഗം സാഹിബയയുടെയും നവാബ് മുഹമ്മദലി ഖാൻ സാഹിബിന്റെയും ഇളയ മകളുമായിരുന്നു. ഹുസൂർ തിരുമനസ്സ് അയ്യദഹുല്ലാഹു പറഞ്ഞു; ഞാനുമായി പല തരത്തിലും ബന്ധമുണ്ട്. എന്റെ പിതാമഹിയുടെ സഹോദരിയുമായിരുന്നു. ബന്ധത്തിൽ ഇളയമ്മയും അമ്മായിയും ആണ്. ഈ ബന്ധങ്ങളെല്ലാം ഉണ്ടായിട്ടും അവർ പറയുമായിരുന്നു; ഞാൻ കാലത്തിന്റെ ഖലീഫയെ അനുസരിക്കുന്നവൾ മാത്രമാണ്. അവരുടെ സന്തപ്ത കുടുബാംഗങ്ങളിൽ ഒരുമകനും നാല് പെൺമക്കളുമാണുള്ളത്. പരേതദരിദ്രരേയും കീഴിൽ ജോലിചെയ്യുന്നവരേയും ഉദ്യോഗസ്ഥരേയും ബന്ധുക്കളെയും അങ്ങേയറ്റം ശ്രദ്ധിച്ചിരുന്നു. അല്ലാഹുവിനോടും അവന്റെ ദാസരോടുമുള്ള കടമകൾ നിറവേറ്റുന്നവരും ഖിലാഫത്തിനോട് അനുസരണയുള്ളവരും ഖിലാഫത്തിൽ അനുരക്തയുമായിരുന്നു. വളരെ ഉദാരമതിയായിരുന്നു. ആരാധനകളിലും സാമ്പത്തിക ത്യാഗങ്ങളിലും മുൻപന്തിയിലായിരുന്നു.

2. ഖസാക്കിസ്ഥാനിലെ മുൻ അമീർ ആയിരുന്ന റൗലാൻ സാഇൻ ബാഈഫ് സാഹിബിന്റെ ഭാര്യയായിരുന്ന ബഹുമാന്യ കലാരാ ആപ്പാ സാഹിബ.

3. ബഹുമാന്യ വിങ് കമാന്റർ അബ്ദുറശീദ് സാഹിബ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) അദ്ദേഹത്തെ ലിബിയിയിലെ പ്രഥമ അമീർ ആയി നിയമിച്ചിരുന്നു.

4. കരീം അഹ്മദ് നഈം സാഹിബ് ഓഫ് അമേരിക്കയുടെ ഭാര്യയായിരുന്ന ബഹുമാന്യ സുബൈദാ ബീഗം സാഹിബ.

5. ബഹുമാന്യ ഹഫീസ് അഹ്മദ് സാഹിബ് ഘുമൻ സാഹിബ്.

ഹുസൂർ തിരുമനസ്സ് അയ്യദഹുല്ലാഹു എല്ലാവരുടെയും മഗ്ഫിറത്തിനും പദവികൾ ഉയരുന്നതിനും വേണ്ടി ദുആ ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-


Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)

at Jalsa Gah, Hadeeqatul Mahdi, Alton, UK – on 22-10-2021

Malayalam Translation: **K.Najmudheen** For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516